# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1881 — 04.05.2017-ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

**ചോദ്യം**
**ശ്രീ.പി.ഉണ്ണി**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി)**

എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

എ) ഒറ്റപ്പാലത്ത് കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കുകളിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

- റോഡുകൾ
- വൈദ്യുതി ലൈനുകൾ
- പൈപ്പ് ലൈനുകൾ
- മഴവെള്ള സംഭരണി

കൂടാതെ 106636 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫാക്ടറി സമുച്ചയം പൂർത്തീകരിച്ചിട്ടുണ്ട്.

ബി) നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ ആണ് ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ പ്രവർത്തിച്ചു വരുന്നത്; വിശദാംശം നല്കാമോ;

ബി) കിൻഫ്ര നിർമ്മിച്ച ഫാക്ടറി കെട്ടിട സമുച്ചയം M/s Blissful Garments Private Limited എന്ന വസ്ത്ര നിർമ്മാണ കമ്പനിക്ക് അലോട്ട് ചെയ്തിട്ടുണ്ട്. അവർ അവരുടെ പ്രവർത്തനങ്ങൾ ഭാഗികമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി പ്രസ്തുത പാർക്കിൽ താഴെ പറയുന്ന വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്:

| Sl. No | Name of the Party | Area(in acres) | Area (in Sq.ft) |
|---|---|---|---|
| 1 | Additional Skill Acquisition Programme (ASAP), Department of Higher Education, GOK | 1.00 | - |
| 2 | Mr.Subin K.N. | 0.12 | - |
| 3 | Mr.Vineeth Kumar | 0.05 | - |
| 4 | Mr.Asif | 0.07 | - |
| 5 | M/s Skyniche Internet Business Solutions & Services | - | 851 |
| 6 | M/s Micro Clouds | - | 723 |

| | |
|---|---|
| **സി)** ഒറ്റപ്പാലം കിൻഫ്രാ പാർക്കിൽ ആരംഭിക്കുന്ന പ്രതിരോധ പാർക്കിലേക്ക് നിക്ഷേപകരെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | **സി)** ഒറ്റപ്പാലത്ത് 60 ഏക്കറിൽ സ്ഥാപിക്കുന്ന പ്രതിരോധ പാർക്കിന്റെ നിക്ഷേപകരെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായും വാണിജ്യ സംഘടനകളായ Confederation of Indian Industry (CII), Federation of Indian Chamber of Commerce (FICCI) എന്നിവയുമായി ചർച്ച നടത്തി വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകരെ ആകർഷിക്കുന്നതുമായി ബന്ധപ്പെട്ട് കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**